بسم الله الرحمن الرحيم

# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 19/12/14

## (26 SAFAR 1436 Hijiri)

## Hazrat Khalifathullah Munir Ahmad Azim (A)

സലാമിനു ശേഷം തശഹ്ഹുദ്, തഅവ്വുദ്, സൂറഃ അൽഫാത്തിഹ ഓതിയശേഷം, ഹസ്രത് മുഹ്‌യിദ്ദീൻ പറഞ്ഞു.

പോപ്പ് ഗ്രിഗെറി പതിമൂന്നാമൻ ഏർപ്പെടുത്തിയ കലണ്ടർ പ്രകാരം വർഷാവസാനം സമീപിച്ചുകൊണ്ടിരിക്കുകയാണ്. എല്ലാവരും ധൃതിയിലാണ്. ഓരോരുത്തരും തന്റെ ആത്മാവിനെ തന്നെ മറന്ന നിലയിലാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. വലിയ പ്രലോഭനങ്ങളുടെ മാസമാണ് ഡിസംബർ. വർഷാവസാന പാർട്ടിക്കുള്ള തയ്യാറെടുപ്പിലാണ് ഓരോരുത്തരും. സാഹചര്യം എന്തു തന്നെയായാലും കളിയും വിനോദവും അതിന്റെ പാരമ്യതയിലാണ്. ഒരു വർഷത്തെ കഠിനാധ്വാനത്തിന്റെ അന്ത്യത്തിൽ ജോലിയിൽ നിന്നുള്ള ഒരു വിരാമം ! ഒരുല്ലാസം!

ജനങ്ങളുടെ കയ്യിൽ പണം ധാരാളമുള്ളപ്പോൾ സന്തോഷം അല്ലെങ്കിൽ വികാര വിക്ഷോഭം അവരെ മഥിക്കുന്നു. കഠിനാധ്വാനത്തിലൂടെ നേടിയ ധനം ചെലവഴിക്കുവാനുള്ള സമയമാണിത്. നിങ്ങൾക്കറിവുള്ളതാണ്; വർഷാവസാന മാസത്തിൽ ഉദ്യോഗസ്ഥ പ്രമാണിമാർക്കും ഗവൺമെന്റ് ജീവനക്കാർക്കും, തൊഴിലാളികൾക്കും അവരുടെ ബോണസുകൾ വിതരണം ചെയ്യുന്നു. അങ്ങനെ വാങ്ങാനും ചെലവഴിക്കാനുമുള്ള ഒരാഗ്രഹം അവർക്ക് താനെ ഉണ്ടാകുന്നു. എന്നാൽ എന്താണ് വാങ്ങേണ്ടത് ? കണ്ണിൽ കാണുന്നതെല്ലാം വാങ്ങിക്കൂട്ടുന്നു. വികാര വിക്ഷോഭത്തിന്റെ ആദ്യ അടയാളം ഇതാണ്. അവർ വസ്ത്രങ്ങൾ വാങ്ങുന്നു; വിലകൂടിയ ചെരുപ്പുകൾ വാങ്ങുന്നു. ആയിരങ്ങൾ മുടക്കി മദ്യം വാങ്ങുന്നു. അവർ പാർട്ടികൾ സംഘടിപ്പിക്കുന്നു. സദ്യകൾ സംഘടിപ്പിക്കുന്നു.അതിഥികൾ സ്വയം ഭക്ഷണം എടുത്തു കഴിക്കത്തക്ക നിലയിൽ ബഫറ്റ്സ് സംഘടിപ്പിക്കുന്നു. ഇതൊക്കെ വളരെ ചെലവുള്ള കാര്യങ്ങളാണ്. വളരെ വിലകൂടിയ പടക്കങ്ങളും ആകാശ കാഴ്ചക്കുള്ള സാധന സാമഗ്രികളും വാങ്ങുന്നു. മറ്റൊരാൾ ചെയ്യുന്നതിനേക്കാൾ മെച്ചമായിരിക്കണം തന്റെ പ്രകടനം എന്ന് ഓരോരുത്തരും കരുതുന്നു. വലിയ മഹത്വത്തിന് വേണ്ടിയുള്ള മത്സരം ഇല്ലെങ്കിൽ പിന്നെന്ത് ജീവിതം !

വ്യാപാരികൾ, കച്ചവടക്കാർ തങ്ങളുടെ ഉപഭോക്താവിനെ തൃപ്തിപ്പെടുത്തുവാനുള്ള എല്ലാ കരുക്കളും ഒരുക്കുന്നു. ചിലപ്പോൾ കച്ചവട സ്ഥലങ്ങളിൽ ഉച്ചത്തിലുള്ള ശബ്ദത്തിൽ പാട്ടുകൾ വയ്ക്കുന്നു. അതോ, കാതുകൾ തുളച്ചു കയറത്തക്ക ശബ്ദത്തിൽ ! പുരുഷന്മാരും സ്ത്രീകളും വളരെ ഇടുങ്ങിയ സ്ഥലങ്ങളിൽ പോലും ഇട കലർന്നു സഞ്ചരിക്കുന്നു. മുസ്‌ലീം വ്യാപാരികളിലും അനേകം പേർ നമസ്കാരത്തിനുപോലും പോകാറില്ല. വെള്ളിയാഴ്ച പ്രാർത്ഥനയ്ക്കായിപ്പോലും കട അടയ്ക്കാറില്ല. കാരണം തങ്ങളുടെ തട്ടകത്തിൽ വീഴേണ്ട ഉപഭോക്താവിന്റെ ഒരു പൈസ പോലും നഷ്ടപ്പെടരുത് !

ക്രിസ്തുമസ് ആഘോഷം എന്നത് വെറും ഒരു കെട്ടുകഥമാത്രമാണ്. എന്നാൽ അത് അന്താരാഷ്ട്ര തലത്തിലായിരിക്കുന്നു. പല മതങ്ങളിലും ഇത് ആചരിക്കുന്നു. ക്രിസ്തുമസ് ട്രീ എന്നത് സ്വർഗ്ഗത്തിലെ ട്രീയായി കരുതുന്നു. വൈവിദ്ധ്യമാർന്ന നിറങ്ങളിൽ ഇത് അലങ്കരിക്കുന്നു. പൂമാലകളും വിളക്കുകളും അതിലുണ്ടാവും. കണ്ണുകൾക്ക് കൗതുകം ഉണ്ടാകത്തക്ക നിലയിൽ ! പാർട്ടി അന്തരീക്ഷം ശക്തിപ്പെടത്തക്ക നിലയിൽ അത് സംഘടിപ്പിക്കപ്പെടുന്നു. ഡിസംബർ 24-25 അർദ്ധരാത്രിയിൽ ജീസസ്സിന്റെ ജനനത്തെ അനുസ്മരിക്കുന്നതിനായിട്ടാണ് ഈ ആഘോഷം തട്ടികൂട്ടുന്നത്. ശാന്താ ക്ലാസ്നെ സംബന്ധിച്ചിടത്തോളം, അദ്ദേഹത്തിന്റെ ദൗത്യം സമ്മാനങ്ങൾ വിതരണം ചെയ്യുക എന്നതാണ്, അതായത് കളിപ്പാട്ടങ്ങൾ, പാവകൾ, മിഠായികൾ തുടങ്ങിയവ നല്ലവരും അനുസരണയുള്ളവരുമായ കുട്ടികൾക്ക് വിതരണം ചെയ്യുന്നു.

ശാന്താ ക്ലാസിന്റെ ചരിത്രം തിരയുമ്പോൾ നൂറ്റാണ്ടുകൾക്കുമുമ്പ് ജീവിച്ചിരുന്ന സെന്റ് നിക്കോളാസ് എന്ന സന്യാസി വര്യനിലേക്കാണ് നാം ചെന്നെത്തുന്നത്. നിക്കോളാസ് ജനിച്ചത് 280 എ.ഡി.യിൽ പതാര എന്ന സ്ഥലത്താണ്. എന്ന് വളരെ പേർ കരുതുന്നു. ഈ സ്ഥലം ആധുനിക തുർക്കിയിലെ മിറായ്ന് സമീപമാണ്. അദ്ദേഹത്തിന്റെ ദാനശീലത്തെയും ദയയേയും പ്രകടിപ്പിക്കുന്ന അനേകം കഥകൾ പ്രചരിച്ചിട്ടുണ്ട്. അവശരെയും, സാധുക്കളെയും സഹായിക്കുന്നതിനായി തന്റെ അനന്തരാവകാശ സമ്പത്ത് മുഴുവൻ ചെലവഴിക്കുകയുണ്ടായി. നിക്കോളാസിന്റെ പ്രശസ്തി വാനോളം ഉയർന്നു. അദ്ദേഹം യാത്രക്കാരുടെയും കുട്ടികളുടെയും സംരക്ഷക നായി തീർന്നു. ഡിസംബർ 6 നാണ് അദ്ദേഹം മരണപ്പെട്ടത്. അദ്ദേഹത്തിന്റെ മരണ വാർഷിക ആഘോഷം ഉണ്ടാകു ന്നതും അന്നു തന്നെ. പാരമ്പര്യമായി ഈ ദിനത്തെ ഒരു ഭാഗ്യദിനമായി കരുതുന്നു. ഈ ദിനം സാധനങ്ങൾ വാങ്ങുന്നതിനും, വിവാഹം കഴിക്കുന്നതിനും നല്ല ദിനമായി കണക്കാക്കുന്നു.

നവോത്ഥാന കാലത്ത്, യൂറോപ്പിൽ ഏറ്റവും അറിയപ്പെട്ട സന്യാസിവര്യൻ സെന്റ് നിക്കോളാസ് ആയിരു ന്നു. 18-ാം നൂറ്റാണ്ടിന്റെ അവസാനം അമേരിക്കൻ സംസ്ക്കാരത്തിലേക്ക് അദ്ദേഹം ആദ്യമായി പദമൂന്നി. സാന്താ ക്ലാസ് എന്ന പേര് ഡച്ചിൽ നിന്നുളള സിന്റർ ക്ലാസ്സിൽ നിന്നാണ്. സിന്റ് നിക്കോളാസ് എന്നതിന്റെ ചുരുക്കപ്പേര് ഈ പേര് മെല്ലെ ക്രിസ്തുമസ് ആഘോഷങ്ങളിൽ ഉൾപ്പെടുത്തുവാൻ തുടങ്ങി. ശാന്താ ക്ലാസിന്റെ കഥ നിർമ്മിത മാണ്.; പോറലേറ്റതുമാണ്. അദ്ദേഹവുമായി ബന്ധപ്പെടുത്തി പറയുന്നതൊക്കെ യക്ഷികഥകൾപോലെയാണ്.

ഈ സാങ്കൽപ്പിക കഥകൾ, കുട്ടികൾക്ക് കുഞ്ഞിലെ ആകർഷകമായി തോന്നാമെങ്കിലും അവർ വളരു മ്പോൾ ഇത് കളളമാണ് എന്ന് മനസ്സിലാക്കും. ശാന്താ ക്ലാസിന്റെ നിലനിൽപ്പ് സംബന്ധമായി നൽകിയ തെറ്റായ ധാരണകൾ, കുട്ടികൾക്ക് അൽപ്പം സന്തോഷം പകർന്നെങ്കിലും, അവർ വലുതാകുമ്പോൾ തങ്ങൾക്ക് നൽകിയ സന്ദേശം തെറ്റായിരുന്നു എന്നവർ അറിയും. ഇതുപോലെ ക്രിസ്തീയ ആഘോഷമല്ലാത്ത, ജീസസ്സിന്റെ അധ്യാപ നങ്ങൾക്കെതിരായ, ദോഷമുളവാക്കുന്ന ആഘോഷം, ക്രിസ്ത്യൻമനസ്സുകളിൽ രൂഢമൂലമായി, എന്നിട്ട് കാര്യങ്ങൾ മനസ്സിലാക്കാതെ, അവരുടെ മതത്തിന്റെ വികാരത്തെ വ്യണപ്പെടുത്തുന്നതാണ് എന്നറിയാതെ, ചെയ്യുന്നു. മുസ്ലീംകളുടെ കാര്യവും അങ്ങനെ തന്നെ. മുസ്ലീംകൾ തങ്ങളുടെ കുട്ടികളെ, തൃപ്തിപ്പെടുത്തുന്നതിനായി ക്രിസ്ത്യൻ കൂട്ടുകാരുടെ ആഘോഷമായ ക്രിസ്തുമസിൽ പങ്കെടുക്കുവാൻ അനുവാദം കൊടുക്കുന്നു. തങ്ങ ളുടെ കുഞ്ഞുങ്ങളുടെ സുഹൃത്തുക്കളുടെ രക്ഷിതാക്കൾ ശാന്താ ക്ലാസിന്റെ റോൾ ആണ് കളിക്കുന്നതെന്ന് അറിയാതെ ! പൈശാചിക പ്രലോഭനങ്ങളിൽ ആപതിക്കുന്നത് ഇസ്ലാമിന് ചേർന്ന കാര്യമല്ല. അവരുടെ യഥാർത്ഥ വിശ്വാസത്തെ അവഗണിക്കുവാനുളള ക്ഷണമാണിത്. ക്രിസ്തുമസിന് ശേഷം ആഹ്ലാദപൂർവ്വം പുതുവർഷ പാർട്ടിയെ വരവേൽക്കുന്നു. വളരെയധികം ആളുകളും ഈ അവസരത്തെ ഒരു ഭാഗ്യമായി കാണുന്നു. കാരണം ഇതിലൂടെ സന്തോഷത്തിന്റെയും സൗഭാഗ്യത്തിന്റെയും ഒരു നവവർഷം ലഭിക്കുമെന്ന് അവർ വിശ്വസിക്കുന്നു.

ഡിസംബർ 31 രാത്രിയിൽ അനേകം ആഘോഷങ്ങൾ സംഘടിപ്പിക്കുന്നു. പാട്ടും, സംഗീതവും, നൃത്തവും, മദ്യപാനവും, പൂത്തിരി കത്തിക്കലും മറ്റും മറ്റുമായി അവർ പുതുദിനത്തെ വരവേൽക്കുന്നു. ഏറ്റവും പ്രധാന പ്പെട്ട കാര്യം, ഈ ആളുകൾ, സ്വയം സന്തോഷിപ്പിക്കുകയാണ് ചെയ്യുന്നത് എന്നതാണ്. അവരെ വഴിതെറ്റിക്കുന്ന തത്വശാസ്ത്രം അവർ ഈ വാക്കുകളിലൂടെ ഉറപ്പിക്കുകയാണ്. കാരണമായി പറയുന്നത് **"ഞങ്ങൾ ഇഹലോ കത്ത് ജീവിക്കുന്നിടത്തോളം കാലം ഞങ്ങൾക്ക് വിനോദിക്കണം, ആഹ്ലാദിക്കണം."**

ഒരു ദൈവീക മതമെന്ന നിലയിൽ, ലോകത്ത് നിലനിൽക്കുന്ന ഒരേയൊരു യഥാർത്ഥ മതമായ ഇസ്ലാം പ്രഘോഷിക്കുന്നത്, നമ്മുടെ ജീവിത ഉദ്ദേശ്യം അല്ലാഹുവിനെ ആരാധിക്കുക എന്നതുമാത്രമാണ്. ഏകദൈവത്തെ മാത്രം ആരാധിച്ച്, അവന്റെ കല്പനകൾക്ക് കീഴ്പ്പെട്ട് ജീവിക്കുക എന്നതുമാത്രമാണ്. ഒരു വിശ്വാസിയെ സംബ ന്ധിച്ചിടത്തോളം ഈ ലോകം ഒരു ജയിലാണ് ; മറിച്ച് ഒരു അവിശ്വാസിക്ക് സ്വർഗ്ഗവുമാണ്. പുതു വർഷാഘോഷ ങ്ങളും, ക്രിസ്തുമസ് ആഘോഷങ്ങളും, മദ്യപാനവും, സംഗീതവും നൃത്തവും തുടങ്ങിയ പലതും പൈശാചിക പ്രവർത്തനങ്ങളാണ്. ഇത് മനുഷ്യരെ നേർപാതയിൽ നിന്നും വഴിതെറ്റിക്കുന്നവയാണ്. ദശലക്ഷകണക്കിന് രൂപ കൾ കളിച്ചു കളയുന്നു; പടക്കം പൊട്ടിക്കലിനും മറ്റുമായി അനേകം തുക ചെലവഴിക്കുന്നു. എന്നാൽ ഇസ്ലാം അമിത ചെലവാക്കലിനേയും ധനം നഷ്ടപ്പെടുത്തുന്നതിനേയും നിരോധിക്കുന്നു. എന്നാൽ ഏറ്റവും പ്രാധാന്യ

മർഹിക്കുന്ന ചോദ്യമിതാണ് ? ക്രിസ്തുമസും, പുതുവർഷവും നമുക്ക് ബാധകമല്ലാ എന്നത് മുസ്ലീംകൾക്ക് അറിയാമോ ? എങ്ങനെ അറിയാനാണ് ? ദൈവീക നിയമത്തെയും ദൈവീക കല്പനകളെയും അവഗണിക്കുന്ന മുസ്ലീംകൾക്ക് ഇത് എങ്ങനെ മനസ്സിലാകാനാണ്.

അല്ലാഹു (ത) വളരെ വ്യക്തമായി പറയുന്നു സത്യ നിഷേധികളുടെ ആഘോഷങ്ങളെ, ആചാരങ്ങളെ, അനുഷ്ഠാനങ്ങളെ അനുകരിക്കുന്നവൻ അവനിൽ പെട്ടവനാണ്. **" വിശ്വസിച്ചവരേ ! നിങ്ങൾ ജൂതൻമാരേയും ക്രിസ്ത്യാനികളേയും മിത്രങ്ങളാക്കി വയ്ക്കരുത്. അവരിൽ ചിലർ ചിലരുടെ മിത്രങ്ങളാണ്. നിങ്ങളിൽ നിന്ന് ആര് അവരെ മിത്രങ്ങളാക്കുന്നുവോ അവൻ അവരിൽ പെട്ടവൻ തന്നെയായിരിക്കും. തീർച്ചയായും അല്ലാഹു അധർമ്മി കളായ ജനങ്ങൾക്ക് വിജയമാർഗ്ഗം കാണിച്ചുകൊടുക്കുകയില്ല."** (5:52)

ഓരോ വിശ്വാസിയും ഈ കാര്യത്തെക്കുറിച്ച് കൂടുതൽ ചിന്തിക്കട്ടെ ! വളരെ താമസിച്ചിരിക്കുകയാണ്. തന്റെ വിശ്വാസത്തിൽ നിന്നും ദൂരപ്പെടുന്ന ഈ പ്രവർത്തനങ്ങളിൽ നിന്നും എത്രയും വേഗം മാറിനിൽക്കട്ടെ ! ഈ അപകടങ്ങളെ തിരിച്ചറിയുകയും, തന്റെ ജീവിതം നഷ്ടത്തിലാക്കുവാൻ ശ്രമിക്കുന്നവർ ആരാണെന്ന് തിരി ച്ചറിയുവാനുമുള്ള കഴിവ് ലഭിക്കട്ടെ ! നമുക്ക് പറയുവാൻ ഇത്രമാത്രം അല്ലാഹു (ത) പറയുവാൻ കല്പിച്ചത് പറ യുന്നു. **"പറയുക, ഹേ ! അവിശ്വാസികളെ, നിങ്ങൾ ആരാധിക്കുന്നതിനെ ഞാൻ ആരാധിക്കുന്നില്ല. ഞാൻ ആരാ ധിക്കുന്നതിനെ നിങ്ങളും ആരാധിക്കുന്നില്ല. നിങ്ങൾ ആരാധിക്കുന്നതിനെ ഞാൻ മേലിലും ആരാധിക്കുന്നവനല്ല. ഞാൻ ആരാധിക്കുന്നതിനെ നിങ്ങളും മേലിൽ ആരാധിക്കുന്നവരല്ല. നിങ്ങൾക്ക് നിങ്ങളുടെ മതം; എനിക്ക് എന്റെ മതവും."** (109:2 – 7)

പ്രിയ രക്ഷിതാക്കളേ നമുക്ക് നമ്മുടെ കുട്ടികൾക്ക് ഏറ്റവും നല്ല മാതൃക നൽകാം. നമ്മുടെ മതം പൂർണ്ണ മായ നിലയിൽ ആചരിക്കുന്നതിൽ ഒരു കുറവും വരുത്താതിരിക്കുക. അല്ലാഹുവിന്റെ വഴിയിൽ നമുക്ക് ചെല വഴിക്കാം. ആവശ്യക്കാരെ സഹായിക്കാം, സാധുക്കളെ സഹായിക്കാം, സാധുജന സംരക്ഷണ പദ്ധതികൾക്ക് സഹായിക്കാം. അല്ലാഹുവിന്റെ കോപത്തിന് പാത്രമാകുന്ന പ്രവർത്തനങ്ങളിൽ ചെലവഴിക്കാതിരിക്കാം. അല്ലാ ഹുവേ നീ ഞങ്ങൾക്ക് മാർഗ്ഗദർശനം നൽകുകയും നേർ വഴിയിൽ നയിക്കുകയും ചെയ്യേണമേ എന്ന് പ്രാർത്ഥി ക്കാം. ആമീൻ.

**Translated & Issued By**
**R. Jamaludin Raother**
**Amir**
Jamaat-Ul-Sahih-Al-Islam, Kerala South zone
*Ph: 9447001832 / 9495207982 / 0475 2220223*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*

*****************